"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - കൊല്ലം ജില്ലയിലെ പട്ടാഴി സബ് രജിസ്ട്രാർ ഓഫീസിലെ ക്ലർക്ക് ശ്രീ. എം.എസ്.നവനീത് കൃഷ്ണയ്ക്ക് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധിയുടെ ഉപയുക്തമാക്കാത്ത കാലയളവ് റദ്ദുചെയ്യുന്നത് സംബന്ധിച്ച് - വ്യക്തത വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.929/2024/TAXES തീയതി,തിരുവനന്തപുരം, 21-10-2024

---

പരാമർശം:- 1. 08/04/2022-ലെ സ.ഉ.(സാധാ) നം.275/2022-നികുതി.

2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 19/09/2022, 09/02/2023 എന്നീ തിയതികളിലെ ഐജിആർ/6982/2021-ഇ5 നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പട്ടാഴി സബ് രജിസ്ട്രാർ ഓഫീസിലെ ക്ലർക്ക് ശ്രീ. എം.എസ്.നവനീത് കൃഷ്ണയ്ക്ക് പഠനാവശ്യത്തിനായി പരാമർശം (1) പ്രകാരം 13/12/2021 മുതൽ 30/06/2023 വരെ കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII B-യിലെ വ്യവസ്ഥകൾക്കു വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ കോവിഡ്-19-മായി ബന്ധപ്പെട്ട് കോളേജുകളിൽ നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ ടിയാൻ 05/03/2022 വരെ ഓഫീസിൽ ഹാജരായി ജോലി ചെയ്തിരുന്നെന്നും 07/03/2022 മുതലാണ് അവധിയിൽ പ്രവേശിച്ചിട്ടുള്ളതെന്നും പരാമർശം (2) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിനാൽ പരാമർശം (1) പ്രകാരം ടിയാന് അനുവദിച്ച, 13/12/2021 മുതലുള്ള അവധി അനുമതിക്കുപകരം 07/03/2022 മുതൽ ശൂന്യവേതനാവധി അനുവദിക്കണമെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അപേക്ഷിക്കുകയുണ്ടായി.

2) 13/12/2021 മുതൽ 06/03/2022 വരെ ഓൺലൈനായി ക്ലാസ് നടന്നിരുന്നോയെന്നും, കോഴ്സ് കാലാവധി കോവിഡിന്റെ സാഹചര്യത്തിൽ ദീർഘിപ്പിച്ചിട്ടുണ്ടോയെന്നുമുള്ള കാര്യത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കുവാൻ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോട് ആവശ്യപ്പെടുകയും, കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ശ്രീ. എം.എസ്. നവനീത് കൃഷ്ണയ്ക്ക് 13/12/2021 മുതൽ 11/03/2022 വരെ ഓൺലൈൻ ക്ലാസ് നടന്നിരുന്നുവെന്നും, 14/03/2022 മുതൽ ഓഫ് ലൈൻ ക്ലാസുകൾ ആരംഭിച്ചുവെന്നും കോഴ്സ് കാലാവധി കോവിഡിന്റെ പശ്ചാത്തലത്തിൽ ദീർഘിപ്പിച്ചിട്ടില്ലെന്നുമുള്ള റിപ്പോർട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയുമുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. Vellore Institute of Technology-യിൽ B-Tech course ചെയ്യുന്നതിനായിട്ടാണ് ശ്രീ. എം.എസ്. നവനീത് കൃഷ്ണ കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B പ്രകാരമുള്ള ശൂന്യവേതനാവധിയെടുത്തത്. ആയത് ഒരു ഫുൾ-ടൈം കോഴ്സാണ്. ഒരു കോഴ്സിന്റെ പൂർണ്ണ കാലാവധിയിലേക്കു മാത്രമേ അനുബന്ധം

XII-B പ്രകാരമുള്ള അവധി അനുവദിക്കാനാകൂ എന്നതിനാലും, ഓഫീസിൽ ഹാജരായി ഔദ്യോഗിക കൃത്യനിർവ്വഹണം നടത്തുന്നതോടൊപ്പം റഗുലർ കോഴ്സിന്റെ ഭാഗമായി (ഓഫ് ലൈൻ ആയാലും ഓൺലൈൻ ആയാലും) പഠനം നടത്താൻ കഴിയില്ലെന്നുള്ള സാഹചര്യത്തിലും ശ്രീ. എം.എസ്. നവനീത് കൃഷ്ണ ജോലിയിൽ തുടർന്നുകൊണ്ട് ഓൺലൈനായി പഠനം തുടർന്നിരുന്നത് ക്രമപ്രകാരമല്ലായെന്ന് സർക്കാർ മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം അപേക്ഷകന് പഠനാവശ്യത്തിനായി 13/12/2021 മുതൽ 30/06/2023 വരെ കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII B- യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരിക്കുന്നത് ചട്ടപ്രകാരം ക്രമപ്രകാരമാണ്. ടി അവധി കാലയളവിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണെന്നുള്ള വ്യവസ്ഥയിൽ, ടിയാന്റെ കോഴ്സ് 26/04/2023-ൽ പൂർത്തിയായ സാഹചര്യത്തിൽ, ഉപയുക്തമാക്കാത്ത അവധി കാലയളവ് (23.06.2023 മുതൽ 30.6.2023 വരെ) റദ്ദ് ചെയ്തും, 23/06/2023-ന് ടിയാനെ ജോലിയിൽ തിരികെ പ്രവേശിപ്പിച്ച നടപടി സാധൂകരിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
ശ്രീ. എം.എസ്. നവനീത് കൃഷ്ണ, ക്ലർക്ക്, (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന.)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Praneesh M P
Date: 24-10-2024 12:59:58